## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1658 | 31/01/2018-ൽ മറുപടിയ്ക്ക്

## ആധുനിക പൊതു ശ്മശാനം

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ.മോൻസ് ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ആധുനിക പൊതു ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടു കൂടി സർക്കാർ ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ ശ്മശാനം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതും ലഭ്യമാകുന്ന സ്ഥലത്ത് പരിസരവാസികളുടെ എതിർപ്പുണ്ടാകുന്നതും പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രധാന വെല്ലുവിളിയാകുന്നു. മേൽസാഹചര്യത്തിൽ ഒരു ബ്ലോക്ക് പ്രദേശത്തുള്ള എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും വേണ്ടി അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ പൊതു ശ്മശാനം നിർമ്മിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകിവരുന്നു. 2017-18 വർഷം സംസ്ഥാനത്തെ 150 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതക ശ്മശാനം KIIFB ധനസഹായത്തോടെ നിർമ്മിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | പരിസര മലിനീകരണം കുറയ്ക്കുന്ന രീതിയിലുള്ള ആധുനിക സംവിധാനം ഇതിനായി ഉപയോഗിക്കുമോ യെന്ന് വെളിപ്പെടുത്താമോ? | (ബി) | പരിസര മലിനീകരണവും വായു-ജല മലിനീകരണവും കുറയ്ക്കുന്നതിന് ഉതകുന്ന തരത്തിലുള്ളതും ഇതിനായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചട്ടങ്ങൾ പാലിക്കുന്നതുമായ ആധുനിക രീതിയിലുള്ള ക്രിമേറ്ററുകളാണ് ആധുനിക വാതക ശ്മശാനത്തിൽ ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ